## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1497** — 03-12-2018 -ൽ മറുപടിക്ക്

## പ്രളയത്തിൽ തകർന്ന വീട്ടുകളുടെ പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ. പി.ജെ.ജോസഫ്**<br>**ശ്രീ. മോൻസ് ജോസഫ്**<br>**ഡോ.എൻ. ജയരാജ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ തകർന്ന വീട്ടുകളുടെ പുനർനിർമ്മാണം ഇതിനോടകം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | പ്രളയത്തിൽ തകർന്ന വീട്ടുകളുടെ പുനർനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായോ, 75% -ത്തിലധികമോ തകർന്ന വീട്ടുകളുടെ പുനർനിർമ്മാണത്തിനായി സ്വന്തമായി ഭൂമി ഉള്ളവരും വീട്ടുടമകൾതന്നെ വീട് പുനർനിർമ്മിക്കാമെന്ന സമ്മതപത്രം നൽകിയവർക്ക് 4 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകുന്നതിനും വീട്ടുടമകൾക്ക് സ്വയം പണിയാൻ സമ്മതമല്ലാത്ത സാഹചര്യത്തിൽ, വിവിധ സ്പോൺസർഷിപ്പ് വഴിയും സർക്കാർ നിശ്ചയിച്ച ഏജൻസികൾ വഴിയും വീട്ട പണിയുന്നതിനുള്ള നടപടികളും ഭാഗികമായി വീട് തകർന്നവർക്ക് നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് ധനസഹായം നൽകുന്നതിനും ഭൂമി ഇല്ലാത്തവർക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |
| ബി) | ഇപ്രകാരം തകർന്ന വീട്ടുകളുടെ വിവരശേഖരണം നടത്തിയത് എപ്രകാരമായിരുന്നു; ഇതിനായി രൂപം കൊടുത്ത സംവിധാനം | ബി) | വീട്ടുകളുടെ നാശനഷ്ടം സംബന്ധിച്ച് കണക്കെടുക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനതല എഞ്ചിനീയർ |

| | | | |
|---|---|---|---|
| | ഫലപ്രപദമായിരുന്നോ; വ്യക്തമാക്കുമോ; | | മാരും അവരെ സഹായിക്കാനായി രൂപീകരിക്കുന്ന സാങ്കേതിക വിദഗ്ധരും അടങ്ങുന്ന പാനൽ ആണ് നഷ്ടത്തിന്റെ കണക്കുകൾ എടുത്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ഇൻഫർമേഷൻ കേരള മിഷൻ ടെക്നിക്കൽ വിഭാഗവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികളും, സെക്രട്ടറിയും ചേർന്നാണ് വിവരശേഖരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് പ്രാദേശികമായ പിന്തുണ നൽകിയിരുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്ര വ്യാപകമായ നഷ്ടവിലയിരുത്തൽ നടത്തുവാൻ ഏറ്റവും ഫലപ്രദം ആണ് ഈ മാർഗ്ഗം. പ്രളയത്താൽ ബാധിക്കപ്പെട്ടവർക്ക് അടിയന്തിരമായി സഹായം ലഭ്യമാക്കുക എന്നതിന്റെ അടിസ്ഥാനത്തിലാണ് മേൽ സംവിധാനം ഏർപ്പെടുത്തിയത്. പ്രാഥമിക സർവ്വെയിൽ വിട്ടുപോയവർക്കും, നഷ്ടശതമാനം തിട്ടപ്പെടുത്തിയതിൽ ആക്ഷേപമുള്ളവർക്കും അപ്പീൽ സമർപ്പിക്കുന്നതിന് നവംബർ 9 മുതൽ നവംബർ 30 വരെ സമയം അനുവദിച്ചിട്ടുള്ളതാണ്. |
| സി) | പൂർണ്ണമായി തകർന്ന വീടുകളുടെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | പൂർണ്ണമായി തകർന്ന വീടുകളുടെ പുനർനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു. തകർന്ന വീടുകൾ പുതുക്കി പണിയാനും പുതിയത് പണിയാനുമായി 1,611.85 കോടി രൂപ ആവശ്യമാണ്. ഇതിൽ 1,357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, 254.08 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആണ് നൽകുക. തദ്ദേശ സ്വയംഭരണ വകുപ്പിൻറെ rebuild.lsgkerala.gov.in ആപ്പ് ഉപയോഗിച്ചുള്ള സർവ്വേ അനുസരിച്ച് 75% ൽ അധികമോ, പൂർണമായോ വീട് തകർന്ന 18347 |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾ ഉണ്ട്. ഇതിൽ ഓരോ കേസും ജില്ല കളക്ടർമാർ പ്രത്യേകം പരിശോധിക്കുകയും 13,016 വീടുകൾക്ക് വാസയോഗ്യം അല്ലാത്ത രീതിയിൽ തകർച്ച നേരിട്ടിട്ടുണ്ട്. പരിശോധന തുടർന്ന് വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. പരിശോധന പൂർത്തിയായ 4635 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകി. ഭാഗികമായി നാശനഷ്ടം നേരിട്ട വീടുകളിൽ 30-59%, 60-74% എന്നീ തോതിലുള്ള കേടുപാടുകളുണ്ടായവയ്ക്ക്, അനുവദനീയമായ ധനസഹായം രണ്ടു ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ ഉള്ള കുടുംബങ്ങളിൽ 1956 കുടുംബങ്ങൾക്ക് ആദ്യഗഡു നൽകി. 15%ൽ അധികം തകർച്ച നേരിട്ട വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മാനദണ്ഡം പ്രകാരം സഹായമായി ഇതുവരെ 39.6 കോടി രൂപ ചിലവഴിച്ചു. |

സെക്ഷൻ ഓഫീസർ